# പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2200    18.12.2012 ലെ മറുപടിക്ക്

### ട്രെയിനിന്റെ ബോഗി ഇളകി പാളത്തിൽ മറിഞ്ഞ സംഭവം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. റോഷി അഗസ്റ്റിൻ:<br>ഡോ. എൻ. ജയരാജ്:<br>ശ്രീ. എം.വി. ശ്രേയാംസ് കുമാർ: | | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി) | |
| (എ) | ആലപ്പുഴ റെയിൽവെ സ്റ്റേഷനിൽ പാസഞ്ചർ ട്രെയിനിന്റെ ബോഗി ഇളകി പാളത്തിൽ മറിഞ്ഞ സംഭവം കണക്കിലെടുത്ത് കേരളത്തിൽ ഓടുന്ന ട്രെയിനുകളുടെ കോച്ചുകളുടെ സുരക്ഷിതത്വം ഉറപ്പാക്കാൻ എന്തെല്ലാം നടപടികളാണ് കൈക്കൊള്ളുക; | (എ) യും (സി) യും | ഉണ്ട്. സംസ്ഥാനത്ത് ഓടുന്ന ട്രെയിനുകളിലെ ബോഗികൾ ചിലതെല്ലാം കാലപ്പഴക്കം ചെന്നവയും തുരുമ്പെടുത്ത് ഉപയോഗയോഗ്യമല്ലാത്തവയുമാണെന്നും ദീർഘദൂര ട്രെയിനുകളിലെ ബോഗികളുടെ അവസ്ഥയും പലപ്പോഴും ശോചനീയമാണെന്നും സംസ്ഥാനത്ത് ഉപയോഗിക്കുന്ന ബോഗികളിൽ 70%നുമേൽ 25 കൊല്ലത്തിലധികം പഴക്കമുള്ളവയാണെന്നും ശ്രദ്ധയിൽപെട്ടിട്ടുണ്ട്. ബോഗികൾ റിപ്പയർ ചെയ്യുന്നതിനായുള്ള പീരിയോഡിക് ഓവർ ഹോളിംഗ് സൗകര്യം സംസ്ഥാനത്ത് ഇല്ലാത്തതിനാൽ ബോഗികൾ റിപ്പയറിംഗിനായി ചെന്നൈയിലേക്ക് അയയ്ക്കുമ്പോൾ അവിടെ നിന്നും ലഭിക്കുന്നവ പലപ്പോഴും വൃത്തിയില്ലാത്തതും കാലപ്പഴക്കം ചെന്നവയുമാണെന്നും ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. ആലപ്പുഴ പാസ്സഞ്ചർ ട്രെയിനിന്റെ ബോഗിക്ക് സംഭവിച്ച അപകടത്തിന്റെ വെളിച്ചത്തിൽ ഇക്കാര്യങ്ങളിലേക്ക് ശ്രദ്ധക്ഷണിച്ചുകൊണ്ട് താഴെപ്പറയുന്ന കാര്യങ്ങൾ അടിയന്തിരമായി പരിഗണിക്കണമെന്ന് കേന്ദ്ര റയിൽവേ മന്ത്രിയോട് സംസ്ഥാന സർക്കാർ അഭ്യർത്ഥിച്ചിട്ടുണ്ട്:<br><br>(i) 25 കൊല്ലത്തിലധികം പഴക്കമുള്ള എല്ലാ ബോഗികളും ഘട്ടം ഘട്ടമായി 5 കൊല്ലത്തിനകം മാറ്റണമെന്നും;<br>(ii) തിരുവനന്തപുരത്തേയും എറണാകുളത്തേയും റിപ്പയർ സൗകര്യങ്ങൾ പ്രധാന റിപ്പയറുകൾ ചെയ്യുവാനുതകുന്ന രീതിയിൽ വിപുലപ്പെടുത്തണമെന്നും; |

| | | | |
|---|---|---|---|
| | | | (iii) റിപ്പയറിനും മെയിന്റനൻസിനുമായി ആവശ്യത്തിന് ആളുകളെ നിയമിക്കണമെന്നും;<br>(iv) കോച്ചുകൾ വൃത്തിയാക്കാനായി കൂടുതൽ ഫലപ്രദമായ സംവിധാനം ഏർപ്പെടുത്തണമെന്നും. |
| (ബി) | ട്രെയിനുകളിൽ ഉപയോഗിക്കുന്ന കോച്ചുകളുടെ പരമാവധി ആയുർദൈർഘ്യം എത്രയാണെന്ന് അറിവുണ്ടോ; വ്യക്തമാക്കുമോ; | (ബി) | 25 കൊല്ലം. |
| (സി) | കേരളത്തിൽ ഓടുന്ന ട്രെയിനുകളിലെ കോച്ചുകളിൽ അറ്റകുറ്റപ്പണികൾ ആവശ്യമായവ കണ്ടെത്തുന്നതിനും നീക്കം ചെയ്യേണ്ടവ അടിയന്തിരമായി നീക്കം ചെയ്യുന്നതിനുമുള്ള നടപടി സ്വീകരിക്കുമോ? | (സി) | മുകളിൽ (എ) യിൽ പറയും പ്രകാരം ഇക്കാര്യം റയിൽവേയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ